# പതിമൂന്നാം കേരളനിയമസഭ

# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 781   17.07.2014 ൽ മറുപടിക്ക്

**എൻഡോസൾഫാന്റെ അമിത ഉപയോഗം**

| ചോദ്യം<br>ശ്രീ. വി. ചെന്താമരാക്ഷൻ:<br>ശ്രീ. എ.കെ.ബാലൻ:<br>ശ്രീ. എം. ചന്ദ്രൻ:<br>ശ്രീ. കെ.വി.വിജയദാസ്: | | മറുപടി<br>ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പാലക്കാട് ജില്ലയിലെ മുതലമടയിലുള്ള മാന്തോപ്പുകളിൽ എൻഡോസൾഫാൻ പ്രയോഗത്തെ തുടർന്ന് നിരവധി കുട്ടികൾക്ക് മാനസിക-ശാരീരിക വൈകല്യങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിരുന്നോ; എങ്കിൽ അതിന്റെ വിശദാംശം അറിയിക്കാമോ; | (എ) | ജില്ലാ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ 19.11.2010, 20.11.2010 എന്നീ തീയതികളിൽ മുതലമട, കൊല്ലങ്കോട് എന്നീ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ എൻഡോസൾഫാൻ ദുരിതബാധിതരെ കണ്ടെത്തുന്നതിനായി ആരോഗ്യ വകുപ്പ് നടത്തിയ പ്രാഥമിക സർവ്വേയിൽ എൻഡോസൾഫാൻ ദുരിത ബാധിതരെന്ന് സംശയിക്കുന്ന 46 പേരെ (2 വന്ധ്യതാ കേസുകളടക്കം) കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 19 പേർ 15 വയസ്സിന് താഴെയുള്ള കുട്ടികളാണ്. ബുദ്ധിമാന്ദ്യം, ശാരീരിക വൈകല്യം, പരാലിസിസ് എന്നിങ്ങനെയുള്ള രോഗാവസ്ഥകളാണ് പ്രധാനമായും കണ്ടെത്തിയത്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും സർവ്വേയോ പഠനമോ നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിവരം അറിയിക്കാമോ; | (ബി) | ദേശീയ മനുഷ്യാവകാശ കമ്മീഷൻറെ നിർദ്ദേശ പ്രകാരം പാലക്കാട് ജില്ലയിലാകെ 03.05.2011 മുതൽ 09.05.2011 വരെ ആരോഗ്യ വകുപ്പ് നടത്തിയ പ്രാഥമിക സർവ്വേയിൽ എൻഡോസൾഫാൻ ബാധിതരെന്ന് സംശയിക്കുന്ന 142 പേരെ താഴെ പറയും പ്രകാരം കണ്ടെത്തി.<br><br>കുമരം പുത്തൂർ -17<br>അകത്തേത്തറ -18<br>ഷോളയൂർ -14<br>പുതൂർ -26<br>ഒഴലപ്പതി -31<br>നെല്ലിയാമ്പതി -16<br>നന്ദിയോട് -20<br>----------<br>**ആകെ 142**<br>=========<br><br>മുതലമട, കൊല്ലങ്കോട് പഞ്ചായത്തുകളിൽ നടത്തിയ സർവ്വേയിലും ദേശീയ മനുഷ്യാവകാശ കമ്മിഷന്റെ നിർദ്ദേശ പ്രകാരം പാലക്കാട് ജില്ലയിലാകെ |

| | | | |
|---|---|---|---|
| | | | നടത്തിയ സർവ്വേയിലുമായി എൻഡോസൾഫാൻ ദുഷ്യബാധിതരെന്ന് സംശയിക്കുന്ന ആകെ 188 പേരെ ജില്ലയിൽ കണ്ടെത്തിയിട്ടുണ്ട്. തുടർ പഠനങ്ങൾക്കും രോഗ നിർണ്ണയത്തിനുമായി തൃശ്ശൂർ മെഡിക്കൽ കോളേജിലെ വിദഗ്ധരുടെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (സി) | ഇവർക്കായി ഇതുവരെ എന്തെങ്കിലും ചികിത്സാ സഹായം നൽകുകയുണ്ടായോ; എങ്കിൽ അതിന്റെ വിശദാംശം അറിയിക്കാമോ? | (സി) | എൻഡോസൾഫാൻ മൂലം ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടായി എന്ന് സംശയിക്കപ്പെടുന്നവർക്ക് മാത്രമായി പ്രത്യേക ചികിത്സാ സഹായം നൽകിയിട്ടില്ല. എന്നാൽ അതാതു പ്രദേശത്തെ പ്രാഥമിക-സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിൽ നിന്നുമുള്ള ചികിത്സയും ആരോഗ്യ പ്രവർത്തകരുടെ സേവനവും ലഭ്യമാക്കുന്നുണ്ട്. കൂടാതെ പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ സേവനവും ലഭ്യമാക്കുന്നുണ്ട്. |

Manjith

സെക്ഷൻ ഓഫീസർ